പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3873 15.12.2014-ൽ മറുപടിക്ക്.

# വിദ്യാലയങ്ങളിൽ ജനമൈത്രി പോലീസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേക്ക് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | : (എ) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി "ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേക്ക് " എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയോടുകൂടി സ്കൂളുകളിൽ സ്ഥാപിച്ച ടച്ച് സ്ക്രീൻ കിയോസ്കുകളിലൂടെ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, സ്ത്രീ സംരക്ഷണ നിയമങ്ങൾ, കുട്ടികൾക്കായുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ, ഹെൽപ്പ്ലൈൻ നമ്പരുകൾ, സൈബർ കുറ്റകൃത്യങ്ങളും പരിഹാരങ്ങളും എന്നിവ വിരൽത്തുമ്പിലൂടെ നിമിഷങ്ങൾക്കകം ലഭ്യമാകുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട ചില വീഡിയോ ഫിലിമുകളും കുട്ടികൾക്ക് കാണാൻ അവസരമൊരുക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | : (ബി) വിദ്യാർത്ഥികളുടെ, പ്രത്യേകിച്ച് പെൺകുട്ടികളുടെ സുരക്ഷയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പെൺകുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് അവർ സ്വീകരിക്കേണ്ട മുൻകരുതലുകൾ, അവയ്ക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. |

(സി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് എവിടെയൊക്കെ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

: (സി & ഡി) തുടക്കത്തിൽ തിരുവനന്തപുരം, തൃശ്ശൂർ നഗരങ്ങളിലെ സ്കൂളുകളിലാണ് ഇത് സംഘടിപ്പിച്ചത്. ഈ പദ്ധതി സംസ്ഥാനം മുഴുവനും വ്യാപിപ്പിക്കുന്നതിലേക്കായി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, ജനമൈത്രി നോഡൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ